പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 127 — 05.03.2012-ൽ മറുപടിക്ക്.

## തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ സ്ഥാപിക്കുന്ന തീരദേശ പോലീസ് സ്റ്റേഷൻ കെട്ടിടം പണി പൂർത്തിയായി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. കെട്ടിട നമ്പർ ലഭിച്ചാൽ മാത്രമേ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ. |
| (ബി) തീരദേശ പോലീസ് സ്റ്റേഷൻ എന്ന് ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | : (ബി) നോട്ടിഫിക്കേഷൻ വന്നതിനുശേഷം മാത്രമേ ഉദ്ഘാടനം നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഈ സ്റ്റേഷനിലേക്ക് ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | : (സി) ഈ സ്റ്റേഷനിലേയ്ക്ക് ആവശ്യമായ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) തീരദേശ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ? | : (ഡി) ഉത്തരം (എ), (ബി) കണ്ടാലും. |

സെക്ഷൻ ഓഫീസർ